## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5657 03-11-2016-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.കെ. ബഷീർ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഫീസും മറ്റാനുകൂല്യങ്ങളും സമയത്തിനു ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | 2/7/2009-ലെ 50/2009/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചിരുന്നു. എന്നാൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2011-12, 2012-13 വർഷങ്ങളിൽ മെറിറ്റ്, റിസർവ്വേഷൻ സീറ്റുകളിൽ വ്യത്യസ്ത ഫീ ഈടാക്കുന്ന സ്ഥിതിവന്നതിനെ തുടർന്ന് ഫീസ് നൽകുന്നതിന് കാലതാമസം നേരിട്ടിരുന്നു. ഈ വിദ്യാർത്ഥികൾക്ക് G.O.(Rt.) 1191/2016/H&FWD dated 19-4-2016 പ്രകാരമാണ് ആനുകൂല്യങ്ങൾ നൽകിയത്. എന്നാൽ 2013-14, 2014-15 വർഷത്തെ ഫീസ് നൽകുന്നതിനെകുറിച്ച് ഈ ഉത്തരവിൽ പരാമർശമില്ല. |

| | | | |
|---|---|---|---|
| ബി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബി.എഡ്./ എം.എഡ്/എം.ബി.ബി.എസ്., മറ്റ് കോഴ്സുകൾ ഇവയുടെ പഠനത്തിന് സർക്കാർ തീരുമാനിച്ചിട്ടുള്ള ഫീസ് പൂർണ്ണമായി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ബി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബി.എഡ്/എം.എഡ് മറ്റു കോഴ്സുകൾക്കുള്ള പഠനത്തിന് ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.ന് പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2013-2014, 2014-2015, 2015-2016, 2016-2017 അധ്യയന വർഷങ്ങളിലേക്കുള്ള ഫീസാനുകൂല്യം അനുവദിയ്ക്കുന്ന കാര്യം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ